പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2314

08/07/2015 -ൽ
മറുപടിയ്ക്കു്

**<u>മലബാർ ദേവസ്വം ബോർഡിനു കീഴിൽ ജീവനക്കാർക്ക് ശംബളം</u>**

<u>ചോദ്യം</u>

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

<u>ഉത്തരം</u>

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
| --- | --- |
| എ) മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ഒരു വിഭാഗം ജീവനക്കാർക്ക് ശംബളം മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ശാശ്വത പരിഹാര മുണ്ടാവാത്ത തിൻെറ കാരണം വ്യക്ത മാക്കാമോ? | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് ദേവസ്വം ബോർഡു കളിൽ നിന്ന് വ്യത്യസ്ഥമായി മലബാർ ദേവസ്വം ബോർഡ് നേരിട്ട് ക്ഷേത്ര ജീവനക്കാരെ നിയമിക്കുകയോ അവർക്ക് ദേവസ്വം ബോർഡിൽ നിന്നും നേരിട്ട് ശംബളം നൽകുകയോ ചെയ്യുന്നില്ല. ക്ഷേത്ര ജീവനക്കാരെ നിയമിക്കുന്നതും അവർക്ക് ശംബളം നൽകിവരുന്നതും അതാത് ട്രസ്റ്റിമാരും ക്ഷേത്രഭരണാധികാരികളുമാണ്. മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള സാമ്പത്തിക ഭദ്രതയുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് കൃത്യമായി ശംബളം ലഭിക്കുന്നുണ്ട്. വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും ശംബളം നൽകുന്നതിനായി സർക്കാർ ചെറിയൊരു ധനസഹായം നൽകിവരുന്നുണ്ട്. എന്നാൽ ഇത് സർക്കാരിൻെറയോ, മലബാർ ദേവസ്വം ബോർഡിൻെറയോ നിയമപരമായ ബാദ്ധ്യതയല്ല. ഒരു വിഭാഗം ജീവനക്കാർക്ക് ശംബളം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത് പരിഹരിക്കുന്ന തിന് സർക്കാർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ